കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 7, വ്യാഴം

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 36

നിയമസഭ 2003 ആഗസ്റ്റ് മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ *868

എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പടുത്താൻ നടപടി

*1[868] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പട്ടണങ്ങളിലാണ് പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി പുതുതായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) സംസ്ഥാനത്ത് ഒരു പട്ടണത്തിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജലവിഭവ വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം ജില്ലയിലും (നഗരപ്രദേശത്ത്) എറണാകുളം ജില്ലയിലും (കൊച്ചി നഗരപ്രദേശത്ത്) ഭാഗികമായി ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിനും എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിലും തിരുവനന്തപുരം ജില്ലയിലെ 'ഇ' ബ്ലോക്ക് പ്രദേശത്തും സ്വിവറേജ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിനും, എറണാകുളം ജില്ലയിൽ, കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിലേയ്ക്കും തിരുവനന്തപുരം ജില്ലയിലെ 'ഇ' ബ്ലോക്ക് പ്രദേശത്തും സ്വിവറേജ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽനിന്നും സ്വരൂപിക്കുവാൻ ശ്രമിക്കുന്നുണ്ട്. പദ്ധതികൾക്കാവശ്യമായ ഫണ്ട് ലഭ്യമായതിനുശേഷമേ പദ്ധതികൾ പൂർത്തിയാകുന്ന തീയതി നിശ്ചയിക്കാൻ കഴിയൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: മാലിന്യങ്ങളും മലിനജലവുമാണ് മാരകമായ പല രോഗങ്ങളും ഉണ്ടാകുന്നതിന് കാരണം. നമ്മുടെ നാട്ടിൽ ഡങ്കിപ്പനി, ഇപ്പോൾ അതിവേഗതയിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കോളറ, ടൈഫോയ്ഡ് എന്നീ രോഗങ്ങൾക്ക് കാരണം മലിനജലവും മലിനീകരണവുമാണ്. ഈ സാഹചര്യത്തിൽ, ടൗണുകളിൽ പ്രത്യേകിച്ച് ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ മാലിന്യങ്ങൾ കൂടിക്കിടന്നാൽ, മലിനജലം ഉണ്ടായാൽ പെട്ടെന്ന് അസുഖം വരികയും വേഗത്തിൽ പടർന്നു പിടിക്കുകയും ചെയ്യും. ചില പട്ടണങ്ങളുടെ പേര് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. എല്ലാ പട്ടണങ്ങളിലും നഗരങ്ങളിലും മുനിസിപ്പാലിറ്റികളിലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സ്വിവറേജ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ സ്വിവറേജ് പൈപ്പുകൾ പലപ്പോഴും ചീത്തയാകുന്നു. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ഒരു ചോദ്യത്തിന് മറുപടി പറഞ്ഞാൽ മതി.

ശ്രീ. ടി. എം. ജേക്കബ്: എല്ലാ പട്ടണങ്ങളിലും സ്വിവറേജ് സിസ്റ്റം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. പക്ഷേ അതിനകത്തുള്ള ഒരു പ്രധാനപ്പെട്ട സംഗതി ഫണ്ടിന്റെ അപര്യാപ്തതയാണ്. ഇത് രണ്ട് ഘട്ടമായിട്ട് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആദ്യത്തെ ഘട്ടമെന്നുള്ള നിലയ്ക്ക് കോർപ്പറേഷനിൽപ്പെട്ട സ്ഥലങ്ങളിലെല്ലാം ഈ സിസ്റ്റം നടപ്പിലാക്കുക. അതോടനുബന്ധമായി ഇതിന് താല്പര്യമായിട്ട് മുന്നോട്ടുവരുന്ന മുനിസിപ്പൽ പട്ടണങ്ങളിൽ ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് ഇതിന് സെസ്സും മറ്റ് കാര്യങ്ങളും ലഭ്യമാക്കാനുള്ള നടപടി വേണം. അതിന് കൺസെൻസസ് ഉണ്ടാക്കി മുന്നോട്ടുപോയാൽ മാത്രമേ ഈ പ്രോജക്ട് എല്ലാ പട്ടണങ്ങളിലും വ്യാപിപ്പിക്കാൻ കഴിയൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സ്വിവറേജ് സിസ്റ്റം നടപ്പിലാക്കിക്കൊണ്ടുതന്നെ നമ്മുടെ വീടുകളിൽ ലഭിക്കുന്ന മഴവെള്ളം വീടുകളിൽത്തന്നെ സംഭരിച്ച് മലിനജലമായി പുറത്തേയ്ക്ക് ഒഴുകിപ്പോകാതെയുള്ള സംവിധാനം തമിഴ്നാട്ടിൽ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മഴവെള്ളം മലിനമാകാതിരിക്കാനും ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് ഇതിനെ രണ്ടായിട്ടേ കാണാൻ കഴിയൂ. മഴവെള്ളം ശേഖരിക്കാനും ഉപയോഗപ്പെടുത്താനുമുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകമായി ആലോചിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മലിനജലം നിർമ്മാർജ്ജനം ചെയ്യാനുള്ള ക്രമീകരണമാണ് സ്വിവറേജിൽ വരുന്നത്. അതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സംസ്ഥാനത്തെ ഒരു പട്ടണത്തിലും ഡ്രെയിനേജ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്തും കൊച്ചിയിലുമാണ് ഭാഗികമായി നടപ്പിലാക്കിയിട്ടുള്ളത്. അവിടെപ്പോലും ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. ഭൂമി ശാസ്ത്രപരമായ പഠനങ്ങളൊന്നും നടത്താതെ അപ്പോഴപ്പോൾ നടത്തുന്ന ചില നിർമ്മാണ പ്രവർത്തനങ്ങളാണ് ഉള്ള സംവിധാനങ്ങളും തകരാറിലാക്കുന്നതെന്നുള്ള കാര്യം മനസ്സിലാക്കാൻ കഴിയും. ഇത് മനസ്സിലാക്കിക്കൊണ്ട് ഒരു പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അർബൻ ഡെവലപ്മെന്റിനകത്ത് പ്രധാനമായിട്ടുള്ള ഒരു കമ്പോണന്റ് എന്നു പറയുന്നത് മലിനജല നിർമ്മാർജ്ജനമാണ്. അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പദ്ധതികൾ പല സ്ഥലങ്ങളിലും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിന് ആവശ്യമായ പണം ലഭ്യമല്ല. തിരുവനന്തപുരം നല്ല കവറേജുള്ള സിറ്റിയാണ്. ഈ സൗകര്യം ഉപയോഗിക്കുന്ന ആളുകളിൽനിന്നും ഒരു പൈസപോലും ഗവൺമെന്റ് ഈടാക്കുന്നില്ല. എന്നാൽ അങ്ങനെ മുന്നോട്ടുപോകാൻ സാധ്യമല്ല. തിരുവനന്തപുരം സിറ്റിക്കുവേണ്ടി ഹഡ്കോയ്ക്ക് സമർപ്പിച്ചിട്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് അവർ അംഗീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഗ്യാരണ്ടിയും കൊടുത്തു. അവർ റി-പേമെന്റിനെ സംബന്ധിച്ച് ഒരു കാര്യം ഇൻസിസ്റ്റ് ചെയ്തിട്ടുണ്ട്. സെസ്സ് ഏർപ്പെടുത്തിയാൽ മാത്രമേ റി-പേമെന്റ് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. സിവറേജ് സൗകര്യം ഉപയോഗപ്പെടുത്തുന്ന ആളുകളിൽനിന്ന് സെസ്സ് ഈടാക്കാനുള്ള സൗകര്യംകൂടി നമുക്ക് ഉണ്ടാകണം. ഞാൻ രണ്ടു മൂന്ന് കോർപ്പറേഷനുകളിലെ മേയർമാരുമായി സംസാരിച്ചപ്പോൾ അവർ അതിന് വില്ലിംഗ് ആണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും എല്ലാ പട്ടണപ്രദേശങ്ങളിലും ചെയ്യാൻ കഴിയും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സാമ്പത്തിക പരിമിതിയാണ് ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഡ്രെയിനേജ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കാൻ ഏതെങ്കിലും വിദേശ രാജ്യങ്ങളുടെ സഹായം തേടാനുള്ള നടപടി ഉണ്ടോ; എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; ഇത് അനിവാര്യമായ വസ്തുത എന്നുള്ളത് കണക്കാക്കി ആവശ്യമായ സഹായം തേടിക്കൊണ്ട് കുറച്ചുകൂടി ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽനിന്ന് പണം ലഭ്യമാക്കാനുള്ള ഒരു നീക്കം ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രൊപ്പോസൽ 902 കോടി രൂപയാണ്. അതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് ഇൻഡ്യാ ഗവൺമെന്റ് വഴി മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽനിന്ന് പണം ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്, അതിന്റെ കൂടെ രണ്ട് വാട്ടർ സപ്ലൈ സ്കീം, കൊച്ചിക്കും ചീമേനിയിലും അഡ്ജോയിനിംഗ് വില്ലേജുകൾക്കുമായിട്ട് ഉദ്ദേശിക്കുന്നു. 1650 കോടി രൂപ മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ: വളരെ പെട്ടെന്ന് അർബനൈസ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ വീടുകളിൽനിന്നും ഹോട്ടലുകളിൽനിന്നും പുറത്തേയ്ക്ക് വിടുന്ന മലിനജലം സർവ്വസാധാരണമായി ഓടകളിലൂടെ ഒഴുകി

പോകുകയാണ്. ആവശ്യമായ സംവിധാനമുള്ള സ്ഥലങ്ങളിൽ സിവറേജ് ഓപ്പൺ സ്പെയ്സിൽ വിട്ടിട്ട് സിവറേജ് ഫാമിംഗ് എന്നു പറഞ്ഞ് പുല്ല് വളർത്തുന്ന ഒരു സമ്പ്രദായം പല സ്ഥലങ്ങളിലും കാണുന്നുണ്ട്. സിവറേജ് ഫാമിംഗിനു പകരം മോഡേൺ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിച്ച് സിവറേജ് വാട്ടർ ശുദ്ധീകരിച്ച് പുറത്തുകളയുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: നല്ല നിർദ്ദേശമാണ്. പല രാജ്യങ്ങളിലും മലിനജലംതന്നെ ശുദ്ധീകരിച്ച് മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്. സിവറേജ് സ്കീം നടപ്പിലാക്കേണ്ടത് ഏറ്റവും അനിവാര്യമായ സംഗതിയാണ്. പ്രത്യേകിച്ചും നഗരങ്ങളിൽ ചാനലിൽക്കൂടി ഒഴുക്കിവിടുന്നത് ശാസ്ത്രീയമായ സമീപനമല്ല. ഈ ആവശ്യത്തെ സംബന്ധിച്ചിടത്തോളം തർക്കമില്ല. പക്ഷേ നടപ്പിലാക്കിയെടുക്കുന്നതിനുള്ള ധനലഭ്യതയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇക്കാര്യത്തിൽ ഗവൺമെന്റിന് ധാരാളം സ്കീംസ് ഉണ്ട്.

ശ്രീ. തോമസ് ചാഴികാടൻ: നമ്മുടെ സംസ്ഥാനത്ത് ധാരാളം സ്വകാര്യ ആശുപത്രികളുണ്ട്. അതുപോലെ മെഡിക്കൽ കോളേജുകൾ. കോട്ടയം മെഡിക്കൽ കോളേജിൽതന്നെ പരിസരപ്രദേശങ്ങളിൽനിന്ന് സർവ്വസാധാരണമായി വളരെയേറെ പരാതികൾ മലിനജലം ഒഴുക്കിവിടുന്നതിനെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ആശുപത്രികളിൽ സിവറേജ് പ്ലാന്റ് ഉണ്ടായിരിക്കണമെന്ന നിബന്ധന കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: പല പട്ടണങ്ങളിലും ഗ്രാമങ്ങളിലും ആശുപത്രികളിലും വേസ്റ്റ് മിക്കവാറും തോടുകളിലും ആറ്റിലേയ്ക്കും വിടുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലിനീകരണം തടയേണ്ടതാണ്. അവർതന്നെ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിച്ച് ശുദ്ധീകരിച്ചതിനുശേഷം മാത്രമേ ഡിസ്ചാർജ്ജ് ചെയ്യാവൂ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് സ്കീമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശുദ്ധജലവിതരണവും മലിനജലം ഒഴുക്കുന്നതുമായിട്ടുള്ള പ്രവൃത്തി മുമ്പ് ചെയ്തുകൊണ്ടിരുന്നത് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ്. അതിനെയാണ് വാട്ടർ അതോറിറ്റിയായി മാറ്റിയത്. ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായിരുന്ന കാലത്ത് ഇതു സംബന്ധിച്ച ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ അന്ന് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന് ഉദ്ദേശിച്ചിരുന്നത്, അവസാനം നമ്മൾ ചർച്ച ചെയ്തപ്പോൾ വേസ്റ്റ് വാട്ടർ പോയി വാട്ടർ അതോറിറ്റി മാത്രമായി. ആ ഉദ്ദേശങ്ങളൊന്നും അന്ന് മാറ്റിയില്ല. പക്ഷേ വാട്ടർ അതോറിറ്റി എന്ന് പറയുന്നതോടുകൂടി അഴുക്കുജലം ഒഴുക്കുന്ന പദ്ധതിയിൽനിന്ന് വാട്ടർ അതോറിറ്റി പൂർണ്ണമായും പിൻവാങ്ങിയതുപോലെയാണ് ഉള്ളത്. ഇതിലുള്ള പ്രധാനമായ പ്രശ്നം, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചെറിയ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപ്പാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ വാട്ടർ അതോറിറ്റിതന്നെ ഇതിൽ ഒരു സമഗ്രമായ പദ്ധതി എല്ലാ നഗരങ്ങലളിലും ബന്ധപ്പെടുത്തിക്കൊണ്ട് ഉണ്ടായാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിന് പണമില്ലെങ്കിൽ റിസർവ് ബാങ്കുമായും കേരളത്തിലെ മറ്റു ബാങ്കുകളുമായും ബന്ധപ്പെട്ടുകൊണ്ട് ഒരു കൺസോർഷ്യം ഉണ്ടാക്കി ചുരുങ്ങിയ പലിശയ്ക്ക് കടമെടുത്ത് ഒരു സമഗ്ര പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: പഴയ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് മാറ്റിയാണ് കേരള വാട്ടർ അതോറിറ്റിയാക്കിയത്. കേരള വാട്ടർ സപ്ലൈ സിവറേജ് ആക്ട്, 1986 പ്രകാരമാണ് ഈ കേരള വാട്ടർ അതോറിറ്റിയുടെ ഫോർമേഷനൊക്കെ വന്നിരിക്കുന്നത്. ആക്ട് മാറിയതുകൊണ്ട് ഉദ്ദേശലക്ഷ്യങ്ങൾ മാറുന്നില്ല. പ്രസ്തുത ആക്ടിലെ ചാപ്ടർ 10(ജെ)-യിൽ വളരെ സ്പെസിഫിക് ആയിട്ട് ഈ കാര്യത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ശ്രീ. കോടിയേരി ചോദിച്ച ചോദ്യത്തിൽ ബാങ്കിൽനിന്ന് പണം ലഭ്യമാക്കാൻ കഴിയുമെന്ന് പറഞ്ഞു. പക്ഷേ ഇത് തിരിച്ചുകിട്ടുമെന്ന് ബാങ്കിന് ഒരു ഉറപ്പു വേണം. അതുകൊണ്ട് ഒരു കൺസെൻസസ് ഈ കാര്യത്തിൽ ഉണ്ടായേ പറ്റൂ. ഞാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ മേയർമാരുമായി സംസാരിച്ചു. അമെന്റ്മെന്റ് വരുത്തിക്കൊണ്ട് സെസ് ഈടാക്കാനുള്ള അധികാരം വാട്ടർ അതോറിറ്റിക്കുണ്ട്. വാട്ടർ അതോറിറ്റി അങ്ങനെ ചെയ്യുമ്പോൾ സ്വാഭാവികമായും കൂടുതൽ വിപുലീകരിക്കാൻ, ഇഫക്ടീവായിട്ട് ഈ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. കെ. മോഹൻ കുമാർ: രണ്ടും മൂന്നും സെന്റ് വിസ്തൃതിയുള്ള വീടുകളിൽ താമസിക്കുന്ന നഗരത്തിലെ ജനങ്ങളുടെ ദുഃഖം വിവരണാതീതമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ സെസ്സിന്റെ കാര്യത്തിൽ ഒരു ഉന്നതതല സമ്മേളനം വിളിച്ചുചേർത്ത് യാഥാർത്ഥ്യബോധത്തോടുകൂടി ക്രമീകരിക്കാൻ എല്ലാവരും തയ്യാറാണ്. എന്റെ ചോദ്യം, തിരുവനന്തപുരം നഗരത്തിൽ ഇതുവരെ ഡ്രെയിനേജ് സംവിധാനം എത്തിച്ചേരാത്ത എല്ലാ ഡിവിഷനുകളിലും ഒരു നഗരമായി കഴിഞ്ഞ പരിസരത്തെ പഞ്ചായത്തുകളിലും ഇത് വ്യാപകമാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് അടിയന്തിരമായി രൂപം കൊടുക്കുമോ; അതിന്റെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ശ്രീ. ടി. എം. ജേക്കബ്: തിരുവനന്തപുരം സിറ്റിയിലെ കാര്യമാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെങ്കിൽ, തിരുവനന്തപുരം സിറ്റിയിൽ വളരെ ഇഫക്ടീവായിട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഡീറ്റെയിൽസ് ഒരുപാടുണ്ട്. അത് ചോദ്യോത്തരവേളയിൽ പറയാൻ സാദ്ധ്യമല്ല. തിരുവനന്തപുരം സിറ്റിയെ എ,ബി,സി,ഡി,ഇ, എഫ് എന്നീ ബ്ലോക്കുകളായിട്ട് തിരിച്ച് ഘട്ടംഘട്ടമായി ഇത് നടപ്പിലാക്കി വരുന്നുണ്ട്. ഈ വർഷം അവസാനം ഒരു ബ്ലോക്കിന്റേത് കമ്മീഷൻ ചെയ്യും. 2004-ൽ വേറൊരു ബ്ലോക്ക് കമ്മീഷൻ ചെയ്യുന്നതാണ്. അതിനുള്ള പണം ലഭ്യമാക്കിയിട്ടുണ്ട്. സാധാരണക്കാരായവർക്കാണ് ഇതിന്റെ പ്രയോജനം കൂടുതൽ കിട്ടുന്നത്. കാരണം ഒരു സെപ്റ്റിക് ടാങ്ക് ഒരു വീട്ടിൽ ഉണ്ടാക്കണമെങ്കിൽ അതിന് ചെലവുണ്ടാകും. ഒരു ചെറിയ വീടു വയ്ക്കുമ്പോൾ അതിന് അനുബന്ധമായിട്ടുള്ള കാര്യങ്ങൾകൂടി ചെയ്യണം. വേസ്റ്റ് പോകാനുള്ള സൗകര്യങ്ങൾ ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. അതുപോലെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ 80 ശതമാനവും വേസ്റ്റായിട്ടാണ് വരുന്നത്. അതിന് പ്രോപ്പറായിട്ടുള്ള നടപടിക്രമങ്ങൾ ചെയ്യേണ്ടത് ആവശ്യമാണ്. അതുകൊണ്ട് കൂടുതൽ കണക്ഷൻ കൊടുക്കാൻ സാധിച്ചാൽ സാധാരണക്കാർക്ക് വളരെ പ്രയോജനകരമായിരിക്കും.

ശ്രീ. മത്തായി ചാക്കോ: നഗരത്തിൽ മുമ്പ് സ്ഥാപിച്ചിട്ടുള്ള ശുദ്ധജല പൈപ്പുകളും ഡ്രെയിനേജും കടന്നുപോകുന്ന സ്ഥലത്ത് അത് കേടായി വെള്ളം പുറത്തേയ്ക്ക് വന്ന് ശുദ്ധജലത്തിലേയ്ക്ക് മലിനജലം കലർന്നുവരുന്ന ഒരു പ്രശ്നം എല്ലാ സ്ഥലങ്ങളിലും വന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നു. നേരത്തെ നഗരങ്ങളിൽ പല സ്ഥലത്തും വിതരണം ചെയ്തതിനെ സംബന്ധിച്ച് ഗവൺമെന്റ് വല്ല പഠനവും നടത്തിയിട്ടുണ്ടോ? ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിന്റെ ആരംഭകാലത്ത് ഇതിനുവേണ്ടിയുള്ള പൈപ്പുകളൊക്കെ സ്ഥാപിച്ചിട്ടുള്ള ഡ്രായിംഗ്സ് പലതും ഇപ്പോൾ കാണുന്നില്ല. എവിടെയെങ്കിലും കേടുപാടുകൾ സംഭവിക്കുന്ന സമയത്ത് അത് കണ്ടെത്തി പരിഹരിക്കുക എന്നുള്ളതാണ് ഇപ്പോൾ നമുക്ക് സാധ്യമാകുന്ന കാര്യം. ഇതിനൊക്കെ പ്രോപ്പറായിട്ടുള്ള സിസ്റ്റംസ് നമുക്കുണ്ട്. വളരെ വർഷങ്ങൾക്ക് മുമ്പ് പലതും പ്രോപ്പറായിട്ടുള്ള സിസ്റ്റംസ് അനുസരിച്ചല്ല ചെയ്തിട്ടുള്ളത്. പല രൂപത്തിൽ അത് ചെയ്തുവച്ചു. മുന്നോട്ടുള്ള നീക്കത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മലിനജലം ഒഴുക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കിയപ്പോൾ അതെല്ലാം ബ്ലോക്കു ചെയ്തു പോവുകയാണ്. അത് വേണ്ട വിധത്തിൽ കീപ്പ് ചെയ്യാത്തതുകൊണ്ട് നമ്മൾ ചെയ്ത പ്രവർത്തനങ്ങളെല്ലാം വൃഥാവിലായി പോകുന്ന രൂപത്തിലാണ് വരുന്നത്. ഫാക്ടറികളിൽ നിന്നുള്ള മലിനജലം, പ്രത്യേകിച്ച് കശുവണ്ടി ഫാക്ടറിയിലെ മലിനജലം റോഡിലേയ്ക്ക് ഒഴുകുകയാണ്. കറയെല്ലാം പിടിച്ച് ആളുകൾക്ക് നടക്കാൻ പറ്റാത്ത രൂപത്തിലാണ് കിടക്കുന്നത്. പി.സി.ബി.-പോലും അവിടെ കാര്യമായ നടപടി എടുക്കുന്നില്ല. അതുകൊണ്ട് ഇതുപോലുള്ള പരാതികൾ ഉള്ള സ്ഥലങ്ങളിൽ അടിയന്തിരമായി നടപടിയെടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിനകത്ത് ചെറിയ ഒരു ഡിഫറൻസുണ്ട്. കശുവണ്ടി ഫാക്ടറിപോലുള്ള ഫാക്ടറികളിൽനിന്നും ഡിസ്ചാർജ്ജ് വഴി ഉണ്ടാകുന്ന മലിനീകരണം പൊലൂഷൻ കൺട്രോൾ ബോർഡാണ് നോക്കേണ്ടത്. അതിന്റെ പൂർണ്ണമായ ചുമതലയും ഉത്തരവാദിത്വവും അവർക്കാണ്. ഈ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്നത് സിവറേജ് സിസ്റ്റം ഏർപ്പെടുത്തി പ്രോപ്പറായിട്ട് അത് കൊണ്ടുപോകുന്നതിനുള്ള നടപടികളെ സംബന്ധിച്ചാണ്. ഇത് വരുമ്പോൾ സ്വാഭാവികമായിട്ടും ഏതെല്ലാം മാലിന്യങ്ങൾ ഇതിനകത്ത് ഉൾക്കൊള്ളാൻ സാധിക്കും എന്നുള്ളത് പ്രത്യേകമായിട്ട് നോക്കേണ്ട കാര്യമാണ്.

ശ്രീ. പി. കെ. കെ. ബാവ: ദിവംഗതനായ നഹാ സാഹിബ് മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഗുരുവായൂർ ഡ്രെയിനേജ് സ്കീമിന്റെ പ്രവർത്തനം ആരംഭിച്ചത്. അന്ന് തന്നെ ലക്ഷക്കണക്കിന് രൂപയുടെ പൈപ്പുകൾ മണ്ണിനടിയിൽ സ്ഥാപിക്കുകയും ചെയ്തു. നിർഭാഗ്യവശാൽ ഇന്നും അത് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇത് അങ്ങേയ്ക്ക് നന്നായിട്ടറിയാം. അങ്ങ് ഈ കാര്യത്തിൽ പ്രത്യേകമായ താൽപ്പര്യമെടുക്കുമെന്നും എനിക്കറിയാം. ഏതായാലും ഗുരുവായൂരിന്റെ പ്രാധാന്യവും പ്രത്യേകതയും പരിഗണിച്ച് അങ്ങ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കൂടി സഹകരണത്തോടെ ഈ പദ്ധതി അംഗീകരിക്കുന്ന കാലഘട്ടത്തിൽ തന്നെ അത് പൂർത്തിയാക്കി തരുന്നതിനുവേണ്ടി പ്രത്യേകം താൽപ്പര്യം കാണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഗുരുവായൂർ പദ്ധതി 1975-ൽ ആരംഭിച്ചതാണ്. എനിക്ക് തോന്നുന്നത് അതിനുശേഷം ഈ വകുപ്പ് കൈകാര്യം ചെയ്ത എല്ലാ മന്ത്രിമാരും ഇഷ്ടംപോലെ കോൺഫറൻസ് നടത്തിയിട്ടുണ്ട് എന്നാണ്. സെക്രട്ടേറിയറ്റിൽ എടുത്താൽ പൊങ്ങാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഫയൽ തന്നെ ഉണ്ട്. 1991-96-ൽ ഇതിനെക്കുറിച്ച് ഏറ്റവും കൂടുതൽ ചർച്ച നടത്തിയിട്ടുണ്ട്. അന്ന് അന്തരിച്ച പി. എം. അബൂബേക്കർ ഒരുഭാഗത്തും ശ്രീ. വി. എം. സുധീരൻ മറുഭാഗത്തുമായിരുന്നു. ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചാണ് തർക്കം വന്നത്. ഗുരുവായൂരിലെ വേസ്റ്റ് മണലൂരിൽ കൊണ്ടുപോയി സംസ്ക്കരിക്കാൻ അവിടെയുള്ളവർ ആഭാരം ഏറ്റെടുക്കണമോ എന്നുള്ളതിനെക്കുറിച്ചായിരുന്നു തർക്കം. എന്തായാലും അത് സോർട്ട് ഔട്ട് ചെയ്തു. ട്രീറ്റുമെന്റ് പ്ലാന്റ് പണിയാനുള്ള ഏർപ്പാടായി കാര്യങ്ങൾ മുന്നോട്ടു നീങ്ങിയിട്ടുണ്ട്. ഒരു ടെക്നിക്കൽ ഇഷ്യൂ വന്നു. ഇപ്പോൾ അതും സോർട്ട്ഔട്ട് ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് അത് കമ്മീഷൻ ചെയ്യണമെന്നാണ് എന്റെയും ആഗ്രഹം. ധനകാര്യ വകുപ്പിന് അതിൽ തടസ്സമൊന്നുമില്ല. അത് തീർക്കേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. പ്രത്യേകിച്ച് ഗുരുവായൂർപോലെ ഇത്രയും തീർത്ഥാടകർ വരുന്ന ഒരു പട്ടണത്തിൽ ഈ സൗകര്യം ലഭ്യമാക്കിക്കൊടുക്കാൻ കഴിയാത്തത് വാസ്തവത്തിൽ ഒരു ദുർഗതി തന്നെയാണ്. അത് മനസ്സിലാക്കി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ: കണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ ഫലപ്രദമായ യാതൊരു ഡ്രെയിനേജ് സിസ്റ്റവുമില്ല. അവിടത്തെ ആശുപത്രികൾ, സ്വകാര്യ നേഴ്സിംഗ് ഹോം എന്നിവിടങ്ങളിൽനിന്നും വരുന്ന മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് പടന്നത്തോട് എന്ന തോട്ടിലാണ്. അത് നവീകരിക്കാൻ ഫലപ്രദമായിട്ടുള്ള ഒരു പ്രോജക്ട് കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ കാശില്ലാത്തതുകൊണ്ടാണ് അത് നടപ്പിലാകാത്തത്. അവിടത്തെ ഒരു ദുരിതം എന്നു പറയുന്നത്, അതിന്റെ ചുറ്റും താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം മന്ത് രോഗം വ്യാപകമാണ്. അവിടത്തെ പെൺകുട്ടികൾക്ക് കല്യാണാലോചന പോലും വരുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ ഒരു പരിഗണന നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: പണ്ട് ഇങ്ങനെ ഒരു ചോദ്യം ഒരു എം.എൽ.എ. ചോദിച്ചതിന് ആ എം.എൽ.എ.-യെ പിന്നീട് ആ നാട്ടിലിറക്കിയിട്ടില്ല. അവിടെയൊക്കെ കുഷ്ഠരോഗികളാണെന്ന് പറഞ്ഞതിനാണ്. അതുകൊണ്ട് ശ്രീ. ബാലന്റെ ഈ ചോദ്യം രേഖയിൽനിന്നും നീക്കിയാലെന്ത് എന്നുപോലും ഞാൻ ആലോചിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ആരേയും ഉപദ്രവിക്കാനല്ലാത്തതുകൊണ്ട് ഈ ചോദ്യം നല്ല സ്പിരിറ്റിൽ മാധ്യമങ്ങളും ജനങ്ങളും എടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അവിടെയുള്ള പെൺകുട്ടികൾക്ക് മന്ത് വരാതിരിക്കണമേ എന്ന് നമുക്ക് ആഗ്രഹിക്കാം. അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യാം. ഇവിടത്തെ പ്രശ്നം, അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യത്തിൽത്തന്നെ അതിന്റെ ഉത്തരമുണ്ടായിരുന്നു. പൊതുവായിട്ട് ഫണ്ടിന്റെ അപര്യാപ്തതയാണ് എന്ന് പറഞ്ഞു. അതിന് കോർപ്പറേഷന്റെ ആളുകൾ, പ്രധാനമായിട്ടും മുനിസിപ്പാലിറ്റിയിലെ ചെയർമാൻമാരേയും മേയർമാരേയും വിളിച്ചുകൂട്ടി ചർച്ച നടത്തി അവരുമായിട്ടുകൂടി ഒരു ധാരണയിൽ എത്തി അതിന് സെസ്സ് ഏർപ്പെടുത്തിക്കൊണ്ടുതന്നെ ഈ സ്കീം ഫലപ്രദമായിട്ട് നടപ്പിലാക്കാൻ അവർകൂടി സഹകരിക്കുമെങ്കിൽ തീർച്ചയായിട്ടും പ്രോജക്ട് നമുക്ക് വയബിൾ ആയിട്ട് നടത്തിക്കൊണ്ടുപോകാൻ സാധിക്കും. ആവശ്യമുള്ള പട്ടണത്തിലെല്ലാം സിവറേജ് സിസ്റ്റം നടപ്പിലാക്കണം. അതിന് പല ബാങ്കുകളും പണം തരാൻ തയ്യാറാണ്. സർക്കാരിന്റെ ഗ്യാരണ്ടി മാത്രം പോരല്ലോ. റീ-പേമെന്റ് കൂടി നടക്കുമെന്ന് അവർക്ക് ബോദ്ധ്യമാകണം. അതിനുള്ള സൗകര്യമാണ് ഉണ്ടാക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സമ്പ്രദായം എന്നു പറയുമ്പോൾ രണ്ടു കാര്യം പ്രധാനമാണ്. ഒന്ന്, ഇവിടത്തെ പഴയ ലൈനുകൾ മാറ്റി നവീനരീതിയിലുള്ള ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കണം. നമ്മുടെ നഗരത്തിൽത്തന്നെ ചാല-കിള്ളിപ്പാലം പ്രദേശത്ത് പഴയ ഡ്രെയിനേജ് ലൈനുകളിൽ മുപ്പത് ശതമാനത്തിലേറെ ലീക്ക് ഉണ്ട്. രണ്ടാമത്തെ കാര്യം 1936-ൽ രാജാവിന്റെ കാലത്തുള്ള വില്ലിംഗ്ടൺ വാട്ടർ വർക്സിന്റെ ഭാഗമായിട്ടുള്ള വാട്ടർ ലൈനുകളാണ് അവിടെയുള്ളത്. ഇത് രണ്ടുംകൂടി മിക്സ് ചെയ്ത് ആ പ്രദേശത്തുള്ള ജനങ്ങൾ മുഴുവൻ മലിനജലം കുടിക്കേണ്ട ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് ഈ ലൈനുകൾ മാറ്റി നവീന രീതിയിലുള്ള ട്രീറ്റുമെന്റ് സംവിധാനം എർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലുള്ള എം.എൽ.എ.-മാർക്കും അതുപോലെ ശ്രീ. കഹാറിനും ഇത് അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ, ഇതിനകത്ത് (എ) ബ്ലോക്കിൽ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ—അതിനെ പറ്റിയുള്ള ഭാഗമാണ് അദ്ദേഹം പറഞ്ഞത്—കവടിയാർ, വെള്ളയമ്പലം, തൈക്കാട്, തമ്പാനൂർ, പഴവങ്ങാടി, ചാല, മണക്കാട്, പുത്തൻചന്ത, ജഗതി, പാളയം ഈ പ്രദേശങ്ങളിൽ 1945-ലാണ് ഡ്രെയിനേജ് സിസ്റ്റം സ്ഥാപിച്ചത്. അതൊക്കെ റീപ്ലെയിസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് മാറ്റിക്കൊണ്ടിരിക്കുകയാണ്. താമസിയാതെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് ക്ലീൻ ചെയ്ത് വെള്ളം റോഡിലേയ്ക്ക് ഒഴുക്കിവിടുകയാണ്. . എന്റെ മണ്ഡലമായ കൂറ്റനാട്-ഗുരുവായൂർ-ചാവക്കാട് വാട്ടർ പദ്ധതിയുടെ ഒരു ട്രീറ്റുമെന്റ് പ്ലാന്റ് ഉണ്ട്. ഇത് പ്ലാന്റ് കഴുകിയ വെള്ളം റോഡിലൂടെ ഒഴുക്കി, ആ റോഡിലുള്ള മാലിന്യംകൂടി ആ പരിസര പ്രദേശത്ത് കെട്ടിനിന്ന് അവിടത്തെ കിണറുകളിലുള്ള വെള്ളം കുടിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കാൻ, ഇത്തരം പ്രദേശങ്ങളിൽ ട്രീറ്റ്മെന്റ് പ്ലാന്റ്.....

മി. സ്പീക്കർ: ഓരോന്നോരോന്നായി ചോദിച്ചാലേ മന്ത്രിക്ക് മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. വി. കെ. ചന്ദ്രൻ: മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് എന്റെ ശ്രദ്ധയിൽ വന്ന കാര്യമാണ്. ശ്രീ. ചന്ദ്രൻ തന്നെ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഞാൻ അവിടെ പോയപ്പോഴും ഇത് കാണാൻ കഴിഞ്ഞു. അത് പരിഹരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: നമ്മുടെ പ്രദേശങ്ങളിലുള്ള ഡ്രെയിനേജ് പ്രോപ്പറായിട്ട് നടക്കാത്തതിന്റെ പ്രധാന കാരണം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള വർക്ക് അറേഞ്ച്മെന്റ് തകരാറ് ആയതുകൊണ്ടാണ്. ഉദാഹരണമായി ഏതെങ്കിലും ഒരു ഓവുചാൽ ബ്ലോക്ക് ആയാൽ നമ്മൾ അത് റിപ്പോർട്ട് ചെയ്യും. അപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ആൾക്കാർ വന്ന് അത് എടുത്ത് പുറത്തേക്കിടും. പുറത്തേക്ക് ഇട്ടുകഴിഞ്ഞാൽ അത് കൊണ്ടുപോകേണ്ട ജോലി P.W.D.-യ്ക്കാണ്. അവസാനം എന്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുമെന്നു പറഞ്ഞാൽ വീണ്ടും അത് ആ അഴുക്ക് ചാലിലേക്ക് പോയി അതിന്റെ പ്രവർത്തനം അവിടെ സ്തംഭിക്കുകയാണ്. Proper co-ordination ഇല്ലാത്തതുകൊണ്ടാണ്, വർക്ക് നടക്കാത്തത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇങ്ങനെയുള്ള പ്രശ്നങ്ങൾ പലയിടത്തും ഉണ്ടാകാം. ഓരോ തലത്തിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ വിവേചനപൂർവ്വം ചെയ്യേണ്ട കാര്യങ്ങളാണ്. അങ്ങനെ ആരെങ്കിലും ചെയ്യുന്നില്ലെങ്കിൽ ജനപ്രതിനിധികൾക്ക് ഇതിനകത്ത് ഇടപെടാം. ഏതെങ്കിലും ഉദ്യോഗസ്ഥർ മനഃപൂർവ്വമായി പെരുമാറുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. ടി. പി. എം. സാഹിർ: ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് മെഡിക്കൽ കോളേജ് ഏരിയയിൽ ഡ്രെയിനേജ് സ്കീം നടപ്പിലാക്കുമെന്ന് പറഞ്ഞു. വളരെ ബൃഹത്തായ പദ്ധതിയാണ് അങ്ങ് വിഭാവന ചെയ്തിരിക്കുന്നത്. മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസി മുഖേന തൊള്ളായിരത്തി രണ്ടു കോടി ഉറുപ്പികയാണ്, ഇതിൽ കോടി പറയുന്നതിൽത്തന്നെ ഭയം തോന്നുകയാണ്. അടുത്ത കാലത്തെങ്ങും നടപ്പിലാകുമെന്ന് തോന്നുന്നില്ല. ഹോട്ടലിൽ കുടിക്കാൻ കൊടുത്ത വെള്ളത്തിൽ പുഴു കണ്ടതിനാൽ ഹോട്ടൽ അടിച്ചു തകർത്ത വാർത്ത മെഡിക്കൽ കോളേജ് ഏരിയയിൽ ഉണ്ടായതാണ്. അവിടെ P.H.E.D. 25 ഏക്കർ സ്ഥലത്ത് ഡ്രെയിനേജ് സ്കീം വലിയ എമൗണ്ട് ഇൻവെസ്റ്റ് ചെയ്ത് ഉണ്ടാക്കിയതാണ്. അവിടത്തെ വെള്ളം പമ്പു ചെയ്താണ് കളയുന്നത്. അതുകൊണ്ട് എക്സിസ്റ്റിംഗ് ഡ്രെയിനേജിലെ sledge removal-ന് യുദ്ധകാലാടിസ്ഥാനത്തിൽ ചെറിയൊരു ഫണ്ട് അനുവദിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം ഉദ്ദേശിച്ചത് ഏതിനെക്കുറിച്ചാണെന്ന് അറിഞ്ഞു കൂടാ. കോഴിക്കോട് സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 90 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. 1980-ൽ ഇതിന്റെ കുറെ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തു. 120 കിലോമീറ്റർ നീളത്തിലും 150 മുതൽ 1000 മില്ലീമീറ്റർ വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ഏതാണ്ട് 140 കോടി രൂപ വേണ്ടിവരും. ഇതിനകത്ത് പണം കണ്ടെത്താൻ ബുദ്ധിമുട്ടൊന്നുമില്ല. മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയുടെ കാര്യം ഇവിടെ പറഞ്ഞു. ജെ.ബി.ഐ.സി.-യുടെ 1,800 കോടി രൂപ നമുക്ക് കിട്ടി. അപ്പോൾ പണം കിട്ടാനുള്ള ബുദ്ധിമുട്ടില്ല. പ്രോപ്പർ ആയിട്ട് അത് മോണിട്ടർ ചെയ്യുകയും നടപ്പിലാക്കുകയും ചെയ്താൽ മതി. കോഴിക്കോട് മെഡിക്കൽ കോളേജിന് വേണ്ടിയുള്ള ഒരു സ്കീം ഇപ്പോൾതന്നെ നടപ്പിലാക്കുന്നുണ്ട്. കോഴിക്കോട് ഇപ്പോഴുള്ള capacity of the pond എന്ന് പറയുന്നത് 1.7 എം.എൽ.ഡി. ആണ്. അപ്പോൾ സിവറേജ് ആ മെഡിക്കൽ കോളേജ് കാമ്പസിൽ ജനറേറ്റ് ചെയ്യുന്നത് മാത്രം 6.5 എം.എൽ.ഡി. ആയിട്ട് തിട്ടപ്പെടുത്തിയിട്ടുണ്ട്. ആ ഡിഫറൻസ് അവിടെതന്നെ ഫീൽ ചെയ്യാൻ സാധിക്കും. ചെറിയൊരു ഏർപ്പാടുകൊണ്ട് ഇത് പരിഹരിക്കാൻ സാദ്ധ്യമല്ല. മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു പ്രത്യേക സ്കീം നടപ്പിലാക്കുന്നുണ്ട്. കോർപ്പറേഷനുവേണ്ടി മൊത്തമായിട്ടുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ചെറിയ ഒരു ഫണ്ട് കൊണ്ട് ഈ കാര്യം നടക്കാൻ പോകുന്നില്ല.

ശ്രീ. സാജുപോൾ: കേരളത്തിലെ എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താൻ കഴിയുകയില്ലെന്ന് മന്ത്രിയുടെ മറുപടിയിൽനിന്ന് ബോദ്ധ്യമായി. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

പട്ടണത്തിൽ റെയിൽവേ സ്റ്റേഷന്റേയും കെ.എസ്.ആർ.ടി.സി. സ്റ്റേഷന്റേയും മുമ്പിലായി കഴിഞ്ഞ കുറെ മാസങ്ങളായി അവിടെ വെട്ടിപൊളിച്ചിട്ട് ഡ്രെയിനേജ് സംവിധാനത്തിന്റെ ഭാഗമായിട്ടുള്ള നിർമ്മാണജോലികൾ നടക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ കടലുണ്ടിപ്പാലം മുതൽ വേണമെന്നുവെച്ചാൽ പൊതുമരാമത്ത് വകുപ്പുൾപ്പെടെ ആലോചിച്ച് ഏറ്റവും പെട്ടെന്ന് അത് പണിയാനുള്ള, അത് സംബന്ധിച്ചുള്ള ഒരു വ്യക്തത ആ ഒരു പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അതിന് വളരെ ഇഫക്ടീവായിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സാജുപോൾ ഇതു മുഴുവൻ മനസ്സിലാക്കാതെ പറയുകയാണ്. മുഖ്യമന്ത്രി ചെയർമാൻ ആയിട്ട് ഒരു കമ്മിറ്റിയുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം സെപ്പറേറ്റായിട്ട് നടപടികൾ സ്വീകരിച്ചു. ഇപ്പോൾ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ പ്രത്യേകം ഒരു കമ്മിറ്റിതന്നെയുണ്ട്. റോഡ് കുത്തിപ്പൊളിക്കാതെയും കുഴിക്കാതെയും നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പറ്റുമോ? തമ്പാനൂർ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റേഷനിലും വെള്ളക്കെട്ട് ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനായിട്ട് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അത് പ്ലാൻ ചെയ്ത് സിസ്റ്റമാറ്റിക് ആയിട്ട് തന്നെ കാര്യങ്ങൾ നടക്കുന്നുണ്ട്. ടൈംബൗണ്ട് ആയിട്ട് അത് ചെയ്യുന്നുണ്ട്. ഇതിൽ കൂടുതൽ ചെയ്യാൻ സാദ്ധ്യമല്ല. എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നു, അത് എങ്ങനെ നടക്കുന്നു എന്നുള്ളത് കൃത്യമായിട്ട് മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന പരിശോധന എന്റേയും അതുപോലെ തന്നെ പി.ഡബ്ല്യു.ഡി. മിനിസ്റ്ററുടേയും ശ്രദ്ധയിൽ വരുന്നുണ്ട്. ഞങ്ങളും ഇത് ശ്രദ്ധിക്കുന്നുണ്ട്. രണ്ടാഴ്ച മുമ്പ് ഒരു കോൺഫറൻസ് വീണ്ടും ഇക്കാര്യത്തിനുവേണ്ടി വിളിച്ചിരുന്നു. ഇപ്പോൾ അത് വളരെ ഫലപ്രദമായിട്ട് ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി: കോടികൾ ചെലവഴിച്ച് നമ്മുടെ ഡ്രെയിനേജ് സിസ്റ്റത്തിന് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ ഇതിൽ വരുന്ന ഒരു ബുദ്ധിമുട്ട് എന്നു പറയുന്നത് engineering system ശരിയല്ലാത്തതിന്റെ കാരണത്താൽ പല ഡ്രെയിനേജുകളും മലീമസമായി കിടക്കുകയാണ്. വെള്ളം പൊട്ടി പുറത്തേക്കൊഴുകി മലീമസമായി ദുർഗന്ധം പരത്തുകയും വളരെ പ്രയാസം ഉണ്ടാക്കുകയും ചെയ്യുന്നു. ആ engineering system ക്ലിയറായി നടപ്പിലാക്കുന്നതിന് വല്ല സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; നിരവധി പട്ടണങ്ങളിൽ, പഞ്ചായത്തുകളിൽ ഈ സിസ്റ്റം ശരിയല്ലാത്തതുകൊണ്ട് സാങ്കേതിക തകരാറുമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നതും പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പ്രധാന ചോദ്യത്തിന് മറുപടിയായിട്ട് ഞാൻ പറഞ്ഞു. വളരെ ലിമിറ്റഡ് ആയിട്ടുള്ള ഏരിയയിലേ ഇപ്പോൾ ഇതിന്റെ ഓപ്പറേഷൻസ് ഉള്ളൂ എന്ന്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് പഞ്ചായത്തുകളേയും മറ്റ് നഗരങ്ങളേയും ബന്ധിപ്പിച്ചിട്ടുള്ള സ്കീമിനെ സംബന്ധിച്ചാണ്. അത് നമുക്ക് ആലോചിക്കാവുന്നതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് ഒരു ഇഷ്യൂ ആയിട്ട് എടുത്തിട്ട് കാര്യമില്ല. കേരളത്തിന്റെ പ്രത്യേകത എന്നു പറഞ്ഞാൽ നമുക്ക് ഇപ്പോൾ പട്ടണമെന്നോ ഗ്രാമമെന്നോ തിരിക്കാൻ പറ്റാത്ത രൂപത്തിൽ പല പ്രദേശങ്ങളും ഡെവലപ്പ് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ സാഹചര്യം വച്ചുകൊണ്ട് എങ്ങനെ നമുക്ക് ഫലപ്രദമായിട്ട് നടപ്പിലാക്കാൻ സാധിക്കുമെന്ന് തീരുമാനിക്കേണ്ടതുണ്ട്. ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്ത് തർക്കവും വഴക്കുമായിട്ട് കാര്യമില്ല. പൊതുവായിട്ട് കേരളത്തിന്റെ ഡെവലപ്മെന്റിന്, 'Clean Kerala' എന്നുള്ള സങ്കൽപ്പം നടക്കണമെങ്കിൽ മാലിന്യ കൂമ്പാരങ്ങൾ ഉണ്ടാകരുത്. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ എല്ലാപേരുംകൂടി സഹകരിച്ചാൽ സാധിക്കും. ഈ പറയുന്നത് പ്രത്യേകം project ആയിട്ട് എടുക്കാം.

ശ്രീ. പി. ടി. തോമസ്: 5 മുനിസിപ്പൽ കോർപ്പറേഷനുകളും 12 ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 21 രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 20 മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 991 ഗ്രാമപഞ്ചായത്തുകളും അടങ്ങുന്ന കേരളം മൊത്തത്തിൽ ഒരു ടൗണാണെന്ന രീതിയിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡ്രെയിനേജ് സിസ്റ്റം സെപ്പറേറ്റായി കാണുകയും അതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുകയും വേണം. ബഹുമാനപ്പെട്ട മന്ത്രി ഈ രംഗത്ത് പ്രഗൽഭമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽപ്പോലും, ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഫലപ്രദമായി നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഏറ്റവും അവസാനം കേരള ഹൈക്കോടതിയിൽ കൊച്ചിൻ സിറ്റിയെ സംബന്ധിച്ച ഒരു കേസ് വന്നു. കേരള ഹൈക്കോടതി നിർദ്ദേശം കൊടുത്തിരിക്കുന്നത്, ചീഫ്സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കി ഇതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാണ്. കൊച്ചിൻ കോർപ്പറേഷന് സാദ്ധ്യമല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. കൊച്ചിൻ കോർപ്പറേഷൻ പ്രധാനപ്പെട്ട ഒരു കോർപ്പറേഷനാണ്. തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ കാര്യമെടുത്താൽ അവരെക്കൊണ്ടുപോലും ചെയ്യാൻ കഴിയാത്തത് ഗ്രാമപഞ്ചായത്തുകളോട് ചെയ്യാൻ പറഞ്ഞാൽ, അവർക്ക് എവിടെനിന്നാണ് ഫണ്ട്? നമ്മൾ കൊടുക്കുന്ന പ്ലാൻ ഗ്രാന്റ്, പത്തുമുപ്പത്തിയാറു ലക്ഷം രൂപ പഞ്ചായത്തുകൾക്ക് സിവറേജ് പ്ലാന്റ് ബാക്കിയുള്ള കാര്യങ്ങളുമൊക്കെ എങ്ങനെ നടപ്പിലാക്കാൻ സാധിക്കും? ഇത് സെൻട്രലൈസ് ചെയ്ത് ഏതെങ്കിലും ഏജൻസിയിൽനിന്നും ഫണ്ട് സ്വരൂപിച്ച് ഗവൺമെന്റ് ചെയ്യുക എന്നതല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങളെക്കൊണ്ട് ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. പി. നാരായണൻ: നമ്മുടെ പട്ടണങ്ങളിലും മുനിസിപ്പാലിറ്റികളിലും അതുപോലെ പഞ്ചായത്തുകളിലുമെല്ലാം ഡ്രെയിനേജ് സംവിധാനം ഫലപ്രദമായ രീതിയിൽ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയിട്ടുള്ള ഡ്രെയിനേജ് സംവിധാനം ശാസ്ത്രീയമല്ല. ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുക്കാതെ പുഴയിലേക്കും കായലിലേക്കും ശുദ്ധജല തടാകങ്ങളിലേക്കുമൊക്കെയാണ് ഡ്രെയിനേജ് ഒഴുക്കിവിടുന്നത്. പുതിയ പ്രോജക്ടുണ്ടാക്കുമ്പോൾ ഇതിനൊരു മാറ്റം വരുത്തി ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: അദ്ദേഹം already anxious ആണ്. മറുപടി പറയുന്നത് നിങ്ങൾ ശ്രദ്ധിക്കണം.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇതിനിവിടെ ഉത്തരം പറഞ്ഞിട്ടുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള: സിവറേജ് എന്ന കാര്യം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തപ്പോഴാണ് കേരളം മുഴുവനും ശ്രദ്ധിക്കപ്പെട്ടത്. ഏതായാലും എൻ.എച്ച്.-കളിലെ ഡ്രെയിനേജ് സിസ്റ്റം ശരിയാക്കുന്നത് എൻ. എച്ച്. ഡിപ്പാർട്ടുമെന്റാണ്. പൊതുമരാമത്തു

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റേത് ശരിയാക്കുന്നത് പൊതുമരാമത്തു വകുപ്പാണ്. എന്നാൽ ഇവയിലൊക്കെ മണ്ണ് നിറഞ്ഞാൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നീക്കം ചെയ്യേണ്ടത് പഞ്ചായത്താണ്. വേറെ എന്തെങ്കിലും വീണാൽ നീക്കം ചെയ്യേണ്ടത് ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ്. ഈ സാഹചര്യത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ജില്ലാ ആസ്ഥാനങ്ങളിലേയും പ്രത്യേകിച്ച് താലൂക്ക് ആസ്ഥാനങ്ങളിലെങ്കിലും ഡ്രെയിനേജ് സംവിധാനം ക്ലിയർ ചെയ്യാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഒരു ചെറിയ misunderstanding-ന്റെ അടിസ്ഥാനത്തിലാണ് ഈ കസ്റ്റ്യൻ എന്നാണ് എനിക്ക് തോന്നുന്നത്. ഡ്രെയിനേജ് സിസ്റ്റത്തേയും സിവറേജ് സിസ്റ്റത്തേയും രണ്ടായി കാണണം. ഒഴുകിവരുന്ന വെള്ളം, അല്ലെങ്കിൽ ഹോട്ടലുകളിൽനിന്നും മറ്റും വരുന്ന മലിനജലം റോഡിന്റെ സൈഡിലുള്ള ചാലുകളിലൂടെ ഒഴുക്കിവിടുന്നതും മറ്റ് കാര്യങ്ങളുമൊക്കെ ചെയ്യേണ്ടത് മറ്റ് ഡിപ്പാർട്ടുമെന്റുകളാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത്, സിവറേജ് ട്രീറ്റുമെന്റ് നടത്താൻവേണ്ടിയുള്ള പ്ലാന്റുകളും അതിന്റെ നടത്തിപ്പുമാണ്; സെപ്റ്റിക് ടാങ്കുൾപ്പെടെയുള്ളത്. ഇങ്ങനെ വരുന്ന മാലിന്യങ്ങൾ സമാഹരിച്ച് അത് ട്രീറ്റ് ചെയ്ത് ഡിസ്ചാർജ് ചെയ്യണം. പുറത്തേക്ക് തള്ളുമ്പോൾ മലിനമായിട്ടുള്ളത് ട്രീറ്റു ചെയ്ത് ഉപയോഗിക്കാൻ കഴിയത്തക്ക നിലയിൽ പുറത്തേക്ക് വിടണം. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ സിവറേജ് ആക്ട് അനുസരിച്ചാണ് നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. Drainage system entirely different ആണ്.

ശ്രീ. കെ. ബാബു: കൊച്ചി നഗരവുമായി ബന്ധപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊച്ചി നഗരത്തിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യാനുള്ള ഫലപ്രദമായ സംവിധാനം ഉണ്ടാകുന്നതുവരെ കെട്ടിടങ്ങൾ നിർമ്മിക്കാൻ പെർമിറ്റ് കൊടുക്കാൻ പാടില്ലെന്ന് കൊച്ചി കോർപ്പറേഷനോട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അടുത്ത കാലത്ത് ഒരു വിധിയിലൂടെ നിർദ്ദേശം നൽകുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ വക്കീൽ ഹാജരായി നൽകിയ അഫിഡവിറ്റിൽ ഇതിന് ആയിരം കോടി രൂപയുടെ ചെലവ് വരുമെന്ന് പറഞ്ഞതായി ഞാൻ മനസ്സിലാക്കുന്നു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കൊച്ചി നഗരത്തിലെ ജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ ഇപ്പോൾ ആയിരം കോടി രൂപയുടെ കണക്ക് പറഞ്ഞു. ഞാൻ നേരത്തെ 902.65 കോടി രൂപ എന്ന് പറഞ്ഞ കൂട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന എറണാകുളം സിറ്റിയെ സംബന്ധിച്ചിടത്തോളം Sewerage system to Cochin Corporation West, Mattancherry, Fort Cochi, Palluruthy Zone അതിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്നത് 360 കോടി രൂപയാണ്. Sewerage scheme for Ernakulam South Zone അതിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്നത് 160 കോടി രൂപയാണ്. Sewerage scheme to Cochin Corporation, Ernakulam North Zone അതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നത് 327 കോടി രൂപയുടെ പ്രോജക്ടാണ്. ഇതെല്ലാംകൂടി വരുമ്പോഴുള്ള സ്കീമാണ് വാട്ടർ അതോറിറ്റി ആയിരം കോടി രൂപയെന്ന് ഹൈക്കോടതിയിൽ പറയാനുണ്ടായ സാഹചര്യം. ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം പണം ലഭ്യമാക്കണം. Middle East Funding-നുവേണ്ടി ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്ന സ്കീമാണ് ഞാൻ പറഞ്ഞത്. അതല്ലെങ്കിൽ മറ്റൊരു കാര്യം ആലോചിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, അവിടത്തെ കോർപ്പറേഷന്റെ അധികാരികളുമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചതിനുശേഷം മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയിൽനിന്നും പണം എടുക്കുക എന്നതാണ്. അതായത് സെസ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ എഗ്രീ ചെയ്ത് ഗവൺമെന്റ് ഗ്യാരന്റി കൊടുത്ത് പണം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടും alternative ആയിട്ട് Government പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: പട്ടണങ്ങളിലെ ഡ്രെയിനേജ് സിസ്റ്റത്തെക്കുറിച്ചും സിവറേജ് സിസ്റ്റത്തെക്കുറിച്ചുമാണ് ഇവിടെ ചോദ്യങ്ങൾ ഉയരുന്നത്. കേരളത്തിൽ മാലിന്യങ്ങൾ കുമ്പാരം കൂടിയതിനുശേഷമാണ് ഇവ നീക്കം ചെയ്യുന്നതിനെക്കുറിച്ച് പലപ്പോഴും ചിന്തിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും. കേരളത്തിൽ മൊത്തത്തിൽ സിവറേജ് സിസ്റ്റം ഉണ്ടാക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിക്കുന്നതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സേവന മേഖലയ്ക്ക് നീക്കിവയ്ക്കുന്ന പഞ്ചായത്തുകളുടെ പണമൊക്കെ ഇതിലേക്ക് സ്വരൂപിച്ചുകൊണ്ട്, മൊത്തം ഫണ്ട് കണ്ടെത്താൻ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വളരെ അപ്രായോഗികമായ നിർദ്ദേശമാണിത്. 1050 വാട്ടർ സപ്ലൈ സ്കീമുകൾ, സിംഗിൾ പഞ്ചായത്ത് സ്കീമുകൾ ഞങ്ങൾ ഐഡന്റിഫൈ ചെയ്ത് പഞ്ചായത്തുകളോട് ഏറ്റെടുക്കാൻ പറഞ്ഞിട്ട്, അതിന്റെ operations and maintenance നടത്താൻ ഞങ്ങൾക്ക് ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് അവരാരും ഈ സ്കീമുകൾ എടുക്കാതിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ അവർക്ക് കൊടുക്കുന്ന ഫണ്ടിൽനിന്ന് പണമെടുത്ത് മാസ്റ്റർ പ്ലാൻ ഉണ്ടാക്കണമെന്ന് പറഞ്ഞാൽ അത് സാധിക്കുന്ന കാര്യമല്ല. അത് പഞ്ചായത്തുകൾ എഗ്രീ ചെയ്യുന്ന കാര്യമല്ല.

ശ്രീമതി രാധാരാഘവൻ: എന്റെ നിയോജകമണ്ഡലത്തിലെ മാനന്തവാടി ടൗണിൽ ഡ്രെയിനേജില്ല. അവിടെ മാലിന്യം കൂടിക്കിടക്കാൻ തുടങ്ങിയിട്ട് ഇന്നേക്ക് 13 ദിവസമായി. മാനന്തവാടി ഗ്രാമപഞ്ചായത്താണ് ഈ മാലിന്യം നീക്കം ചെയ്യേണ്ടത്. അത് ഇതുവരെ നീക്കം ചെയ്തിട്ടില്ല. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാം ആരാണ് അവിടെ ഭരിക്കുന്നതെന്ന്. ജനങ്ങൾക്ക് ദോഷമില്ലാത്ത രീതിയിൽ എത്രയുംപെട്ടെന്ന് മാലിന്യങ്ങൾ നശിപ്പിക്കുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അത് വേറെ കാസ്റ്റ്യനാണ്? ഡ്രെയിനേജല്ല.

ശ്രീ. ടി. എം. ജേക്കബ്: ശ്രീമതി രാധാരാഘവൻ സഭയിൽ ഉന്നയിച്ച കാര്യമായതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു കമ്മ്യൂണിക്കേഷൻ ഇന്നുതന്നെ ബന്ധപ്പെട്ട പഞ്ചായത്തിന് കൊടുക്കാം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: തിരുവനന്തപുരം നഗരത്തിൽ ഡ്രെയിനേജ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ സാജു പോൾ പറഞ്ഞതുപോലെ പലതും ഒച്ചിഴയുന്ന വേഗത്തിലാണ്. ഡ്രെയിനേജ് സിസ്റ്റം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കുര്യാത്തിയിൽ 13 കോടി രൂപ മുടക്കി ഒരു പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല. ഡ്രെയിനേജ് സിസ്റ്റം തലസ്ഥാനത്ത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ പ്ലാന്റിന്റെ പ്രവർത്തനംകൂടി കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് കുറച്ചെങ്കിലും ഫലപ്രദമായിട്ട് സിവറേജ് സിസ്റ്റം നടപ്പിലാക്കാൻ കഴിയുന്നത് തിരുവനന്തപുരം സിറ്റിയിലാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ഞങ്ങൾ പല പ്രാവശ്യം ഡിസ്ക്കസ് ചെയ്തതാണ്. സിറ്റിയിലെ എം.എൽ.എ.-മാരും എം.പി.-മാരും ജനപ്രതിനിധികളും ഇക്കാര്യം പറയുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ വ്യക്തിപരമായി ഞാൻ അത് മോണിട്ടർ ചെയ്യുന്നുണ്ട്; വളരെ ഭംഗിയായി കാര്യങ്ങൾ പോകുന്നുമുണ്ട്. പഴയ മുനിസിപ്പാലിറ്റിയിലെ കോർപ്പറേഷൻ ഏരിയ കവർ ചെയ്തതിനുശേഷം ഇപ്പോൾ കൂടുതൽ ചേർത്തിരിക്കുന്ന പ്രദേശങ്ങൾക്കുകൂടി കവറേജ് കൊടുക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: പല കാര്യങ്ങളിലും വികസിത രാജ്യങ്ങൾക്കുപോലും മാതൃകയായ കേരളം ഏറ്റവും കുറഞ്ഞ പരിഗണന നൽകുന്ന ഒരു വിഷയമാണ് നഗരത്തിലെ ഡ്രെയിനേജ് സമ്പ്രദായം. ഇൻഡ്യയിലെ ബോംബെ, ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ മഹാനഗരങ്ങളിലെപ്പോലെ വളരെ വിപുലമായ ഡ്രെയിനേജ് സംവിധാനമുള്ള ഒരു പരിപാടി കേരളത്തിലെ പ്രധാന നഗരങ്ങളിൽ വേണം. ശ്രീ. ടി. യു. രാധാകൃഷ്ണൻ ചോദിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ്. അങ്ങനെയല്ല ധനകാര്യ ഏജൻസികളുടെ സഹായത്തോടുകൂടി വികസിത രാജ്യങ്ങളിലെപ്പോലെ പാചകത്തിനും കുടിക്കാനും ഒഴികെയുള്ള കാര്യങ്ങൾക്ക് ഇതിലെ മലിനജലം സംസ്ക്കരിച്ച് ഉപയോഗിക്കുന്നതിനുള്ള ഒരു പദ്ധതി ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇടയ്ക്ക് ഇതിന്റെ കുറച്ചുഭാഗം പറഞ്ഞതാണ്. ശ്രീ. പി. കെ. കെ. ബാവ ചോദിച്ച ഗുരുവായൂർ സ്കീമിനെ സംബന്ധിച്ചിടത്തോളം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രീറ്റുമെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിക്കാരെ ഞങ്ങൾ പല സ്ഥലത്ത് കൊണ്ടുപോയി കാണിച്ചു. അദ്ദേഹം ഇവിടെ പറഞ്ഞത്, കുടിക്കാനും പാചകം ചെയ്യാനും ഒഴിച്ചുള്ള ആവശ്യങ്ങൾക്കുവേണ്ടി ഈ വെള്ളം ഉപയോഗിക്കാമെന്നാണ്. ഇതിന് ആളുകളിൽ ഒരു ബോധവൽക്കരണമാണ് ആവശ്യം. മലിനജലമാണ് ഇങ്ങനെ സംസ്ക്കരിച്ച് കൊണ്ടുവരുന്നതാണെന്ന് കേട്ടാൽ അതിന്റെ അടുത്തേക്കൊന്നും ആരും പോകില്ല. ചെടി നനയ്ക്കാൻപോലും ആ വെള്ളം എടുക്കില്ല. അതിന് ഒരു മാറ്റം വരുത്തണം. ഇതിന്റെ ട്രീറ്റുമെന്റ് സിസ്റ്റം ഇഫക്ടീവ് ആയിരിക്കണം. പുതിയ ട്രീറ്റുമെന്റ് സിസ്റ്റത്തിൽ വളരെ ഇഫക്ടീവും മോഡേണുമായിട്ടുള്ള എക്യൂപ്മെന്റ്സ് വച്ച് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എ. വാഹീദ്: തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ 81 വാർഡുകളാണ് ഉള്ളത്. ഇവയിൽ കേവലം 25 വാർഡുകളിലാണ് ഡ്രെയിനേജ് സംവിധാനം അല്ലെങ്കിൽ സിവറേജ് സംവിധാനമുള്ളത്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലെ 5 വാർഡുകൾ ഉൾപ്പെടെ ഈ 81 വാർഡുകളിൽനിന്നും സിവറേജ് സിസ്റ്റം ഏർപ്പെടുത്താതെ കരം പിരിക്കുന്നുണ്ട്. സിവറേജ് സമ്പ്രദായം ഏർപ്പെടുത്താത്ത പ്രദേശങ്ങളിൽനിന്ന് കരം പിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വാട്ടർ അതോറിറ്റി ഒരു കരവും പിരിക്കുന്നില്ല. അതാണല്ലോ ഞാൻ ആദ്യം പറഞ്ഞത്. കോർപ്പറേഷൻ പ്രോപ്പർട്ടി ടാക്സ് എന്നു പറഞ്ഞ് പിരിച്ച് അവരുടെ കയ്യിൽ വയ്ക്കുകയാണ്. ആക്ടനുസരിച്ച് വാട്ടർ അതോറിറ്റിക്ക് അത്

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കാനുള്ള അവകാശമുണ്ട്. ഒരു സെസ്സ് ഈടാക്കണമെന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ പ്രോപ്പർട്ടി ടാക്സ് എന്നുള്ള നിലയ്ക്കാണെന്ന് തോന്നുന്നു കോർപ്പറേഷൻ പിരിക്കുന്നത്.

ശ്രീ. എം. എ. വാഹീദ്: തിരുവനന്തപുരം കോർപ്പറേഷൻ 81 വാർഡുകളിൽനിന്നും ഈ കരം പിരിക്കുന്നുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: പിരിക്കുന്നുണ്ടെങ്കിൽ അത് അവർതന്നെ കീപ്പ് ചെയ്യുന്നുണ്ട്. അത് ഗവൺമെന്റിലേക്ക് റെമിറ്റ് ചെയ്യുന്നില്ല. എന്നാലും അത് തർക്കമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അവരുമായിട്ട് സംസാരിക്കാം. ഇപ്പോൾ വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റ് ഇതിന് പണം മുടക്കി ചെയ്യുമ്പോൾ ഇതിനൊരു റിട്ടേൺ കിട്ടുകയും നടപ്പിലാക്കിക്കൊണ്ടുപോകുകയും വേണം. അതുകൊണ്ടാണ് ചെറിയ ഒരു സെസ്സ് ഇടണമെന്നുള്ള ഒരു നിർദ്ദേശമുള്ളത്. അതിന് റെഗുലേഷനിൽ മാറ്റം വരുത്തിയാൽ മതി. അതിനുള്ള നിയമപരമായ ഉപദേശം ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട വാഹീദ് പറഞ്ഞ് കാര്യത്തെക്കുറിച്ച് ഞാൻ അവരുമായിട്ട് സംസാരിക്കാം.

ശ്രീ. വി. കെ. സി. മമ്മത്കോയ: നമ്മുടെ ഗ്രാമങ്ങളിലെ ചെറുപട്ടണങ്ങളിലൊക്കെ പൊതുമരാമത്തുവകുപ്പും നാഷണൽ ഹൈവേയും റോഡ് സൈഡിൽ ഉണ്ടാക്കുന്ന ഒഴുക്കുചാലുകളെ ആളുകൾ അഴുക്കുചാലുകളാക്കി മാറ്റുകയാണ്. ഒഴുക്കുചാലുകൾ അഴുക്കുചാലുകൾ ആകുന്നതോടുകൂടി എല്ലാ ചെറുപട്ടണങ്ങളും ഇപ്പോൾ ചീഞ്ഞ് നാറുന്ന അവസ്ഥയാണ്. ഒഴുക്കുചാലുകൾ അഴുക്കുചാലുകൾ ആക്കാൻ പറ്റില്ലായെന്നും അഴുക്കുചാൽ തുറന്നുവിടുന്നത് കുറ്റകരമാണെന്നുമുള്ള നിലയിൽ ഒരു പദ്ധതി നടപ്പിലാക്കാൻ പറ്റുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിന് നമുക്ക് നിലവിൽ നിയമമുണ്ട്. രണ്ട് നിലയിൽ ഇതിനെ കൈകാര്യം ചെയ്തെങ്കിലേ പറ്റൂ. ഒന്ന്, പൊല്ല്യൂഷൻ കൺട്രോൾ ബോർഡുമായിട്ട് ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്യണം. പൊല്ല്യൂട്ടഡ് ആക്കുന്ന ഏതെങ്കിലും പ്രത്യേകമായിട്ടുള്ള സ്ഥാപനങ്ങളുണ്ടെങ്കിൽ അവർക്കെതിരെ നിയമപരമായിട്ട് നടപടി സ്വീകരിക്കാൻ പൊല്ല്യൂഷൻ കൺട്രോൾ ബോർഡിന് സാധിക്കും. അതുപോലെതന്നെ ഞങ്ങൾ നടത്തുന്ന സ്കീമുമായിട്ട് ബന്ധപ്പെട്ട് വന്നിരിക്കുന്ന കാര്യങ്ങളാണ്. അത് റെഗുലേറ്റ് ചെയ്യാനും നടത്തിക്കൊണ്ടുപോകാനും പ്രത്യേകം നിയമങ്ങളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഏതെങ്കിലും പ്രത്യേക ഇൻസ്റ്റൻസുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേകം പരിശോധിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി: ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് വല്ല പദ്ധതികളും സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽനിന്ന് സഹായം കിട്ടാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് റിപ്പോർട്ട് പ്രാഥമികമായിട്ട് കൊടുത്തിട്ടുണ്ട്. ഇനി അടുത്ത പ്രോജക്ട് റിപ്പോർട്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം എല്ലാംകൂടി 1,650 കോടി രൂപ വരും. ഞാൻ ആദ്യം ഇത് ഇവിടെ ആൻസർ ചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഖരമാലിന്യങ്ങൾ പോലെതന്നെ വളരെയധികം ഗുരുതരമായിരിക്കുകയാണ് ദ്രവമാലിന്യങ്ങൾ. ഈ അടുത്ത കാലത്ത് വർദ്ധിച്ചു വരുന്ന ഡെങ്കിപ്പനിയായാലും എലിപ്പനിയായാലും ഇതെല്ലാം പരത്തുന്നത് വെള്ളത്തിൽ നിന്നുണ്ടാകുന്ന ജീവികളാണെന്ന് വളരെ വ്യക്തമായിക്കഴിഞ്ഞ സാഹചര്യത്തിൽ, കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ മഹാനഗരങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. കൊല്ലം കോർപ്പറേഷനിൽ രണ്ട് മന്ത്രിമാരും രണ്ട് എം.എൽ.എ.-മാരും താമസിക്കുന്നുണ്ട്. 'കൊല്ലം കണ്ടവന് ഇല്ലം വേണ്ട' എന്നായിരുന്നു പണ്ട് പറഞ്ഞത്. 25 വർഷം മുമ്പ് ആരംഭിച്ചതാണ് കൊല്ലം ഡ്രെയിനേജ് സിസ്റ്റം. ഇതുവരെ അത് കമ്മീഷൻ ചെയ്തിട്ടില്ല. അതിന് വേണ്ട സ്ഥലമെടുപ്പ് പൂർത്തിയാക്കി മണ്ണിനടിയിൽക്കൂടി പൈപ്പ് ലൈൻ ഇട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. ഇതുവരെ അത് കമ്മീഷൻ ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: കൊല്ലം ഡ്രെയിനേജ് സ്കീം വളരെ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതാണ്. കോർപ്പറേഷൻ ആകുന്നതിനുമുമ്പ് ഇതിനകത്ത് മുനിസിപ്പാലിറ്റിയും ഇൻവോൾവ്ഡായിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 38 കിലോമീറ്റർ പൈപ്പ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി വളരെ നേരത്തെ സ്ഥാപിച്ചതാണ്. ഈ പദ്ധതി 11 മേഖല കളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പമ്പിംഗ് മെയിൻ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങളായ ശുദ്ധീകരണശാല, ഭൂജലസംഭരണി, പമ്പ് ഹൗസ്, പമ്പ് സ്ഥാപിക്കൽ എന്നിവ തീർക്കാനുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തയ്യാറായിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 32 കോടി രൂപ കൊല്ലം പദ്ധതിക്ക് ആവശ്യമാണ്. അതുകൊണ്ട് ഭാഗികമായി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി 2006-ൽ തീർക്കാനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കൽ

*2 [869] ശ്രീ. കെ. അച്ചുതൻ:
,, കെ. സി. വേണുഗോപാൽ:
,, ഇ. എം. അഗസ്തി:
,, ടി. എൻ. പ്രതാപൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ;

(സി) രൂപരേഖ തയ്യാറാക്കുന്ന ജോലി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയ്ക്ക് ആവശ്യമായ അനുമതി ലഭിക്കാൻ എത്ര സമയം എടുക്കും എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ പണി എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly